

സുനിൽ ഉപാസന
8281197641

## ഒരു ബധിരന്റെ ആത്മകഥാ കുറിപ്പുകൾ 20

ചിത്രീകരണം - ശ്രീകുമാർ മാവൂർ

# ഭൂതകാലത്തേക്കുള്ള കൂപ്പുകുത്തൽ



**ആ**ലപ്പുഴയിലൂടെ കടന്നു പോകുമ്പോൾ, കായലിന്റെ കൈവഴി പോലുള്ള ഭാഗം കടക്കാൻ ട്രെയിൻ പാലത്തിലേക്കു പ്രവേശിച്ചു. ഞങ്ങൾക്കു താഴെ കറുത്ത വെള്ളത്തിന്റെ തിരയിളക്കം. കായലിനും ഞങ്ങൾക്കുമിടയിൽ ഒരു തടസ്സവുമില്ല. അനി എന്നെ തോണ്ടി വിളിച്ച് ചോദിച്ചു.

"ചാടട്ടെ".

ഞാൻ ഞെട്ടി. തമാശയ്ക്കു പറഞ്ഞാൽ പോലും അദ്ദേഹം ചാടുമെന്നു തോന്നി. തമാശയും അല്ലാത്തതുമായ ഭാഷണങ്ങൾ വേർതിരിക്കാനുള്ള മാനസികനില അനിക്കു കൈമോശം വന്നിരുന്നു. അദ്ദേഹത്തിനു വേണ്ടത് വെറുമൊരു പ്രചോദനം മാത്രമാണ്. നിസ്സാരമായ ഒരു വാക്ക്, അല്ലെങ്കിൽ അനുകൂല ഭാവത്തിലുള്ള തലയനക്കം. അതിൽ എല്ലാം തീരും.

ഞാൻ അനിയുടെ ഉള്ളംകൈ എന്റെ കൈയിലാക്കി പിടിച്ചു. മങ്ങിയ ചന്ദ്രപ്രകാശത്തിൽ, കായൽ ജലത്തിലേക്കു തുറിച്ചു നോക്കിയിരിക്കുകയായിരുന്ന അനി സാവധാനം നോട്ടം പിൻവലിച്ചു. അദ്ദേഹവും എന്റെ കയ്യിലെ പിടിമുറുക്കി. കുറച്ചു കഴിഞ്ഞ് പിന്നിലേക്കു മലർന്നു കിടന്നു. വാതില്പടിയിൽ ഇരുന്നു മടുത്തപ്പോൾ, ഞാൻ എഴുന്നേറ്റ് ലാഗേജ് വയ്ക്കാനുള്ള സ്ഥലത്തു കയറിക്കിടന്നു. വെളുപ്പിനു നാലുമണിക്ക് ആലുവയിൽ ഇറങ്ങാൻ നേരം, അനി വിൻഡോ സീറ്റിലിരുന്ന് മയങ്ങുന്നത് കണ്ടു. അനിയുടെ മുഖം ശാന്തമായിരുന്നു.

കടുത്ത നിരാശയിലിരിക്കുന്നവരെ ലഘുവാക്കുകളാൽ പോലും വേദനിപ്പിക്കരുത്. അത് നമ്മൾ പ്രതീക്ഷിക്കാത്ത ആഘാതം ഉണ്ടാക്കിയേക്കും. നിരാശനായ വ്യക്തി പലപ്പോഴും കാക്കുന്നത്, എന്തെങ്കിലും ചെയ്യാനുള്ള പ്രചോദനത്തിനു വേണ്ടിയാണ്. അതിപ്പോൾ ആത്മഹത്യയായാലും. പ്രചോദനം എപ്പോഴും വ്യക്തിയുടെ ഉള്ളിൽനിന്നു വരുന്നതാകണമെന്നില്ല. പുറത്തു നിന്നുമാകാം. ഒരുപക്ഷേ പുറത്തു നിന്നു വരുന്നവയ്ക്കായിരിക്കാം കൂടുതൽ നശീകരണശേഷി.


അനി ഇപ്പോൾ എവിടെയാണാവോ?

തിരുവനന്തപുരം വിട്ടശേഷം ഞാൻ എത്തിച്ചേർന്നത് ഉദ്യാനനഗരിയായ ബാംഗ്ലൂരിലാണ്. അഞ്ച് മണിക്കൂർ നീണ്ടിരുന്ന ട്രെയിൻയാത്രകൾ പതിനൊന്ന് മണിക്കൂറായി വർദ്ധിച്ചു. രണ്ടാഴ്ചയിൽ ഒരിക്കൽ നടത്തിയിരുന്ന യാത്രകൾ മാസത്തിൽ ഒന്നായി കുറഞ്ഞു. ഇവയിൽ ഏറിയപങ്കും ബാംഗ്ലൂർ - കന്യാകുമാരി ഐലൻഡ് എക്സ്പ്രസ്സിലായിരുന്നു. മറ്റു ട്രെയിനുകളിൽ യാത്ര ചെയ്തിട്ടുണ്ടെങ്കിലും, ഏതൊരു ബാംഗ്ലൂർ നിവാസിയേയും പോലെ ട്രെയിൻ എന്നാൽ എനിക്ക് ഐലൻഡാണ്. 1960-കളിൽ സർവ്വീസ് ആരംഭിച്ച ട്രെയിൻ. കുറേക്കാലം ഈ ട്രെയിൻ മാത്രമേ ബാംഗ്ലൂരിൽ നിന്നു കേരളത്തിലേക്ക് ഉണ്ടായിരുന്നുള്ളൂ. മഴയത്തും മഞ്ഞത്തും ബാംഗ്ലൂരിനേയും കേരളത്തേ

യും ബന്ധിപ്പിച്ചു കൊണ്ട് ഐലൻഡ് കിതച്ചോടി. ട്രെയിൻ എന്നിൽ വൈകാരിക മീഡിയമാകുന്നത് ഐലൻഡിന്റെ രൂപത്തിലാണ്.

ബാംഗ്ലൂർ - തൃശൂർ യാത്രകൾ കൂടുതൽ സംഭവബഹുലമായിരുന്നു. ഓണം, വിഷു, ദുർഗ്ഗാപൂജ, ക്രിസ്തുമസ് പുതുവർഷം; പൂരങ്ങൾ തുടങ്ങിയ ഉൽസവ സമയത്തായിരിക്കും മിക്കപ്പോഴും നാട്ടിലേക്കുള്ള പോക്ക്. ഇത്തരത്തിലുള്ള വിശേഷ സന്ദർഭങ്ങൾ എന്നെ സംബന്ധിച്ച് വാഗ്ദാനലംഘനങ്ങളുടെ വാർഷികമാണ്. പണ്ടു പ്രിയപ്പെട്ടവർക്കു കൊടുത്തിട്ടുള്ള വാഗ്ദാനങ്ങളുടെ ലംഘനം. വാഗ്ദാനങ്ങളിൽ ഏറിയ പങ്കും ഇനി നിറവേറ്റാൻ കഴിയില്ല. കാരണങ്ങൾ പലതാണ്. ഒന്നാമത്, കാലം കുറേ കഴിഞ്ഞുപോയിരിക്കുന്നു. വാഗ്ദാനങ്ങളുടെ പ്രസക്തി തന്നെ കൈമോശം വന്നു. നാടൻ ഭാഷയിൽ പറഞ്ഞാൽ 'പശുവും ചത്തു, മോരിലെ പുളിയും പോയി'. രണ്ടാമത്തെ കാരണം, ഞാൻ വാഗ്ദാനം നൽകിയവരിൽ ചിലർ ഇഹലോകം വെടിഞ്ഞു കഴിഞ്ഞു എന്നതാണ്. അവർക്കു നൽകിയ വാഗ്ദാനങ്ങൾ, എന്റെ നെഞ്ചിലെ പിടച്ചിലുകളാണ്. അവ മരണം വരെ എന്നിൽ നിലനിൽക്കും... എന്റെ ബാംഗ്ലൂർ - ചാലക്കുടി ട്രെയിൻ യാത്രകൾ എന്നും സങ്കടകരമായിരുന്നു.

ട്രെയിൻ യാത്രകളെ ദുഃഖസാന്ദ്രമാക്കിയിരുന്ന മറ്റൊന്ന് ഇന്റർവ്യൂകളിലെ 'തോൽവി'കളാണ്. ഒരുകാലത്ത് മാസത്തിൽ 2-3 ഇന്റർവ്യൂകൾ എനിക്ക് പതിവായിരുന്നു. അതിൽ രണ്ടെണ്ണത്തിൽ എങ്കിലും നല്ല പ്രകടനം കാഴ്ചവയ്ക്കും. പക്ഷേ, ഓഫർ ലെറ്റർ കിട്ടില്ല. വിവേചനത്തിന്റെ രൂക്ഷഭാവം. ഓരോ ട്രെയിൻ യാത്രയിലും ഇക്കാര്യം മനസ്സിൽ തികട്ടിവരും. വീട്ടിൽ ഇക്കാര്യം എങ്ങിനെ അവതരിപ്പിക്കണമെന്ന് തീരുമാനിക്കുന്നത് യാത്രയ്ക്കിടയിലാണ്. ആദ്യകാലത്ത് വീട്ടുകാർ എന്റെ 'തോൽവി കഥകൾ' കേട്ടു എന്നെ ആശ്വസിപ്പിക്കുമായിരുന്നു. കമ്പനികളുടെ വിവേചനമൊന്നും അവർക്കറിയില്ലല്ലോ. നിർഭാഗ്യം തന്നെ ഹേതുവെന്ന് അവർ വിശ്വസിച്ചു. ഞാൻ തിരുത്താനും പോയില്ല. പിന്നെപ്പിന്നെ അവരും കാര്യങ്ങൾ മനസ്സിലാക്കി. നാട്ടിലെത്തുന്ന ദിവസം ഞാൻ അമ്മയോടു ഇന്റർവ്യൂവിനു നടന്ന കാര്യങ്ങൾ പതിഞ്ഞ സ്വരത്തിൽ പറയും. അമ്മ എല്ലാ സശ്രദ്ധം കേട്ടുവെന്നു വരുത്തി യാന്ത്രികമായി മൂളും. ഞാൻ ഉടനെ അവിടെനിന്നു വലിയും. മുറിയിൽ കയറി കതകടച്ച് തല കൈത്തലത്തിൽ വച്ച് കരയും. അമ്മ മനസ്സു കൊണ്ടും. വൈകല്യം ഏൽപ്പിക്കുന്ന ആഘാതം മകനു താങ്ങാനാകുന്നില്ലെന്ന് മാതൃമനസ്സിനു മനസ്സിലാകാതിരിക്കുമോ?



ഞാൻ ട്രെയിൻ യാത്രകൾ ആരംഭിച്ചിട്ട് ഇപ്പോൾ പതിനെട്ടു വർഷമായി. പക്ഷേ, യാത്ര വഴി പരിചയപ്പെട്ട ഒരു മുഖവും എന്നിലില്ല. അപ്രധാന പരിചയങ്ങൾ പോലുമില്ലെന്നത് അതിശയകരമാണ്. ഞാൻ സാമൂഹികജീവി അല്ലാതായി മാറിയോ ആവോ. ആൾക്കൂട്ടത്തിനൊപ്പം യാത്ര ചെയ്തിട്ടും അതിലൊരാളായി തോന്നിയിട്ടില്ല. യാത്രയിൽ എനിക്ക് എന്റെ ലോകം മാത്രം. സാമൂഹികഘടകങ്ങൾക്കു ഒരു ഗതാഗത സംവിധാനത്തിനുള്ളിൽ പ്രസക്തിയുണ്ടോ എന്നത് വിലയിരുത്തപ്പെടേണ്ട കാര്യമാണ്. വിലയിരുത്തലിന്റെ ഫലം എന്തായാലും യാത്രയുടെ സാമൂഹികവശത്തിനു എതിരാണെന്നു തോന്നുന്നു എന്റെ മനോഗതി. തന്മൂലം, യാത്രകൾ എനിക്കു മനനത്തിന്റെ അപാരസാധ്യതകൾ തുറന്നിടുന്നു. വേണ്ടവിധം സമീപിച്ചാൽ, ഓരോ യാത്രയും ആത്മശുദ്ധീകരണത്തിന് ഉതകുമെന്നു പറയാം.

എന്റെ ട്രെയിൻ യാത്രകൾ തുടരുകയാണ്.
പുതിയ പുതിയ മാനസിക ഭാവങ്ങളും പേറി ഞാൻ യാത്ര പോകുന്നു. വൈകാരിക മുഹൂർത്തങ്ങളുടെ തെളിമ ട്രെയിൻയാത്രകൾ എനിക്കു സമ്മാനിക്കുന്നു. അതും ഒരുതരം ഭാഗ്യമാണ്. ചിലതെല്ലാം നഷ്ടപ്പെടുത്തി നേടിയെടുക്കുന്ന ഭാഗ്യങ്ങൾ.

പറയാൻ പോകുന്നത് നിലവിളിയെ പറ്റിയാണ്. കഠിനദുഃഖം പ്രകടിപ്പിക്കുന്ന വിവിധ രീതികൾ. പല രാജ്യക്കാരും ഇതിൽ വ്യത്യസ്ത രീതികൾ പിന്തുടരുന്നു. ഒരു രാജ്യത്തെ ജനങ്ങൾക്കിടയിൽ തന്നെ വൈവിധ്യം കണ്ടേക്കാം. പാശ്ചാത്യർ കടുത്ത ദുഃഖം അനുഭവിക്കുമ്പോഴും പൊതുവെ പ്രകടനപരതയിൽ തല്

പരർ അല്ല. കരച്ചിലും കണ്ണീരൊഴുക്കലും ഒക്കെയുണ്ടെങ്കിലും ഭാവഹാവാദികളിൽ അവർ നിയന്ത്രണം പാലിക്കും. ഭാരതീയർ നേരെ തിരിച്ചാണ്.

പ്രമുഖവ്യക്തികൾ മരിക്കുമ്പോൾ, അവരുടെ സഹപ്രവർത്തകരും മക്കളും ദുഃഖം പ്രകടിപ്പിക്കുന്നത് എങ്ങിനെയെന്നു ശ്രദ്ധിച്ചിട്ടുണ്ടോ? ദിവംഗതനായ വ്യക്തി ഏതു മേഖലയിൽ പ്രമുഖൻ/പ്രമുഖയായിരുന്നുവോ, ആ മേഖലയിലെ ശിഷ്യന്മാർ ഗുരുവിനു അനുയോജ്യമായ വിധം പ്രണാമം അർപ്പിക്കും. ഗുരു നൃത്തത്തിൽ നിപുണയായിരുന്നെങ്കിൽ ശിഷ്യർ ലഘുനൃത്തം വഴി ആദരവ് പ്രകടിപ്പിക്കും. നാടകത്തിലും പ്രാചീന കലകളിലും പ്രഗൽഭനായ ഗുരുവിനു ഫോക്‌ലോർ ഗാനങ്ങൾ വഴി ഉചിതമായ അശ്രുപൂജ അർപ്പിക്കാവുന്നതാണ്. ഇതുപോലുള്ള ഉദാഹരണങ്ങൾ വേറേയുമുണ്ട്. ഗുരുനാഥർക്കു സമർപ്പിക്കുന്ന ഈ പ്രണാമങ്ങളിൽ ശിഷ്യരുടെ നിശ്ശബ്ദമായ നിലവിളി അടങ്ങിയിരിക്കുന്നു. താങ്ങാനാകാത്ത ദുഃഖത്തിന്റെ കവിഞ്ഞൊഴുകൽ. ഇമ്പമുള്ള വഴികളിലൂടെ നിലവിളിക്കുന്നവരും ഉണ്ട്. വയലിൻ വായന, ഗാനാലാപനം., തുടങ്ങിയവ അക്കൂട്ടത്തിൽ പെടുന്നു. അല്പം മാത്രം ശബ്ദമുള്ള നിലവിളികൾ.

ഞാൻ എന്തിനു ഇതെല്ലാം പറയുന്നു എന്നല്ലേ ചോദ്യം? എന്റെ 'ഒരു ബധിരന്റെ ആത്മകഥാകുറിപ്പുകൾ' എന്ന പുസ്തകം, എന്റെ നിലവിളിയാണ്. വളരെ വ്യത്യസ്തമായ തരം നിലവിളി. ജീവിതത്തിലെ അവിസ്മരണീയമാകേണ്ടിയിരുന്ന ഒരു കാലഘട്ടം, തന്റേതല്ലാത്ത കാരണത്താൽ കൈമോശം വന്ന ഒരുവന്റെ വിലാപം.

***********

2012 ഡിസംബറിൽ, കമ്പനിയോടു വിട പറയാനുള്ള തീരുമാനം ഞാൻ തിടുക്കത്തിൽ എടുത്തതല്ല. ജോലി ചെയ്യുന്ന കാലത്തു തന്നെ മറ്റു കമ്പനികളിൽ ചേക്കേറാൻ കഠിനശ്രമം നടത്തിയിരുന്നു. പലതിലും അവസാനഘട്ട ചർച്ച വരെ കാര്യങ്ങളെത്തി. എന്നാൽ, ഇന്ത്യയിലെ No.1 കമ്പനികൾ ഉൾപ്പെടെയുള്ള ചിലർ ആദ്യറൗണ്ടിൽ വച്ചു തന്നെ അപമാനിച്ച് ഇറക്കി വിടുകയാണുണ്ടായത്. ഏതാനും ആഴ്ചകൾ മാനസിക സംഘർഷത്തിന്റേതാകാൻ അത് ധാരാളമാണ്. കാരണം, ഓരോ ഇന്റർവ്യൂ 'തോൽവി'യും,



**ആത്മകഥാകുറിപ്പുകൾ എഴുതണമെന്ന ആഗ്രഹം ഏറെ നാളായി എന്നിലുണ്ടായിരുന്നു. എബിളിറ്റി ഫൗണ്ടേഷൻ നടത്തിയ ഒരു തൊഴിൽ മേളയിൽ വച്ചാണ് ഈ ആശയം ആദ്യം മനസ്സിലുദിക്കുന്നത്. അവിടെ തൊഴിൽമേളക്കു എത്തിയ പലതരം ന്യൂനതകൾ ഉള്ള വികലാംഗരെ ഞാൻ നേരിൽ കണ്ടു. ചിലരോടു സംസാരിച്ചു. ഇത്തരം കൂടിക്കാഴ്ചകൾ, വികലാംഗരുടെ ഭാഗത്തുനിന്ന് ഒരു ആത്മപ്രകാശനം വേണമെന്നു എന്നെ പഠിപ്പിച്ചു.**

എനിക്കു സ്വന്തം ന്യൂനതയെപ്പറ്റിയുള്ള ഓർമ്മപ്പെടുത്തലായിരുന്നു. എന്നാൽ, നിരാശ ഏറെനാൾ നീണ്ടു നിൽക്കാറില്ല. വീണ്ടും ഉയിർത്തെഴുന്നേൽപ്പും ഉന്മേഷ മനോഭാവവും ഉണ്ട്. അത് അടുത്ത ഇന്റർവ്യൂ വരെ നീളും. വീണ്ടും നിരാശ, 'തോൽവി', വിഷമം... ഈ പ്രക്രിയ കുറേനാൾ തുടർന്നു.

ഇതിനൊരു അവസാനം കാണണമെങ്കിൽ, ഇന്റർവ്യൂകളെ അതുവരെ നേരിട്ട രീതിയിൽ തന്നെ, ഭാവിയിലും അഭിമുഖീകരിച്ചാൽ പോരെന്ന്, കമ്പനിയിലെ അവസാന കാലത്ത് എനിക്കു മനസ്സിലായി. ജോലി ലഭിക്കുന്നതിനെ സഹായിക്കാൻ പുതിയൊരു ഉദ്യമം അനിവാര്യമാണെന്ന ചിന്ത എന്നിൽ ഉറച്ചു. മുമ്പും ഇതുപോലുള്ള തീർപ്പുകളിൽ ഞാൻ എത്തിയിട്ടുണ്ടായിരുന്നു. അതായത്, തൊഴിൽ ലഭിക്കാൻ നിലവിലുള്ള യോഗ്യതക്കും പരിശ്രമത്തിനും ഒപ്പം മറ്റൊന്നുകൂടി വേണമെന്ന തോന്നൽ. അപ്പോൾ ഞാൻ വെറുതെ ഇരിക്കാറില്ല. പുതിയ ടെക്നോളജികളിൽ സർട്ടിഫിക്കേറ്റുകൾ എടുക്കും. പ്രത്യേകിച്ചും Solarisൽ നേടിയ Sun Microsys ലോ സെർട്ടിഫിക്കേഷൻ, SCNA. പിന്നെ, നേരിയ വ്യത്യാസത്തിനു തോറ്റെങ്കിലും, BCFA (Brocade Certified Fabric Admin) സർട്ടിഫിക്കേഷനു വേണ്ടിയും ഒരിക്കൽ കഠിനശ്രമം നടത്തിയിരുന്നു. എന്നാൽ, നിരാശാകരമെന്നേ പറയേണ്ടൂ, ഞാൻ പാസ്സായ 3-4 സർട്ടിഫിക്കേഷനുകൾ ഒന്നും തന്നെ പുതിയ ജോലി സമ്പാദിക്കാൻ എനിക്കു സഹായകമായില്ല. Networking, Windows Server 2003, Solaris 9, Fiber Channel Networking എന്നീ മേഖലകളിൽ അറിവുണ്ടായിട്ടും കമ്പനികൾ എന്നെ നിഷ്ക്കരുണം പുറന്തള്ളിക്കൊണ്ടിരുന്നു. അതുകൊണ്ട് തന്നെ, കമ്പനിയിലെ അവസാന കാലത്ത്, പുതിയൊരു ഉദ്യമം തുടങ്ങണമെന്നു തീരുമാനിച്ചപ്പോൾ പുതിയൊരു സർട്ടിഫിക്കേഷൻ എടുക്കുന്ന കാര്യം മനസ്സിൽ വന്നില്ല. പകരം, കുറേക്കാലമായി മനസ്സിൽ കൊണ്ടു നടക്കുന്ന പ്രോജക്ടിനോടു ചേർന്നു നിന്നുകൊണ്ട്, വ്യത്യസ്തമായ ഒരു ഉദ്യമം നടത്താൻ തീരുമാനിച്ചു.

ആത്മകഥാകുറിപ്പുകൾ എഴുതണമെന്ന ആഗ്രഹം ഏറെനാളായി എന്നിലുണ്ടായിരുന്നു. എബിളിറ്റി ഫൗണ്ടേഷൻ നടത്തിയ ഒരു തൊഴിൽമേളയിൽ വച്ചാണ് ഈ ആശയം ആദ്യം മനസ്സിലുദിക്കുന്നത്. അവിടെ തൊഴിൽമേളക്കു എത്തിയ പലതരം ന്യൂനതകൾ ഉള്ള വികലാംഗരെ ഞാൻ നേരിൽ കണ്ടു. ചിലരോടു സംസാരിച്ചു. ഇത്തരം കൂടിക്കാഴ്ചകൾ, വികലാംഗരുടെ ഭാഗത്തുനിന്ന് ഒരു ആ

ത്മപ്രകാശനം വേണമെന്നു എന്നെ പഠിപ്പിച്ചു. ആത്മകഥാ കുറിപ്പുകൾ തന്നെയാണ് മനസ്സിൽ വന്നത്. എന്നാൽ വിജയകരമായി എഴുതാൻ കഴിയുമോ എന്ന ആശങ്ക മൂലം ഞാൻ മടിച്ചുനിന്നു. ഇത് ഏറെക്കാലം തുടർന്നു. എന്നാൽ, തൊഴിലുമായി ബന്ധപ്പെട്ട് പുതിയൊരു ഉദ്യമം ആരംഭിക്കണമെന്നു വന്നപ്പോൾ, ആത്മകഥാ പ്രോജക്ടിനെ ഞാൻ അതുമായി ബന്ധിപ്പിച്ചു. ആത്മകഥ എഴുത്ത് തന്നെയാകട്ടെ പുതിയ ഉദ്യമം എന്നു തീരുമാനിക്കുന്നത് അങ്ങിനെയാണ്.

ജോലിയിൽ തുടർന്നു കൊണ്ടു എഴുതുക അസാധ്യമായിരുന്നു. എഴുതാൻ ആവശ്യമായ ഏകാഗ്രതയോ, സ്വച്ഛന്ദമായ മനസ്സോ സാഹചര്യമോ ഇല്ല. അതിനാൽ കമ്പനിയിലെ ജോലി നിർത്താൻ ഞാൻ നിർബന്ധിതനായി. 2012 ഡിസംബറിൽ ജോലി രാജിവച്ച്, ആത്മകഥാ കുറിപ്പുകൾ എഴുതാനിരുന്നു.

ഞാൻ കുട്ടിക്കാലം മുതൽ നല്ല വായനാശീലമുള്ള വ്യക്തിയാണ്. നൂറുകണക്കിനു പുസ്തകങ്ങളും ആനുകാലികങ്ങളും വായിച്ചു തള്ളിയിട്ടുണ്ട്. എനിക്കേറെ ഇഷ്ടം ചെറുകഥകളും നോവലുമായിരുന്നു. കവിത, ആത്മകഥാ വിഭാഗത്തിൽ വായന കുറവ്. ഓർമയിൽ തങ്ങിനിൽക്കുന്ന ആത്മകഥകൾ നാടകാചാര്യനായ എൻ എൻ പിള്ളയുടെ 'ഞാൻ', ഫൂലൻദേവിയുടെ 'ഞാൻ ഫൂലൻദേവി' എന്നിവയാണ്. ആദ്യത്തേത് തുറന്നു പറച്ചിലിലെ കൂസലില്ലായ്മയാലും, രണ്ടാമത്തേത് തീക്ഷ്ണാനുഭവങ്ങളുടെ വന്യതയാലും മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടി. എന്നാൽ ഈ പുസ്തകങ്ങളുടെയോ, മറ്റ് ആത്മകഥാ രചനകളുടേയോ എഴുത്തുമാതൃക പിന്തുടരാൻ ഞാൻ തരിമ്പും ആഗ്രഹിച്ചില്ല. കാരണം, ജീവിതത്തിൽ സംഭവിച്ച കാര്യങ്ങളെല്ലാം എഴുതുക എന്റെ ലക്ഷ്യമായിരുന്നില്ല. ശ്രവണന്യൂനതയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധമുള്ളവ മാത്രമായിരിക്കണം എഴുത്തു വിഷയം എന്നു ഞാൻ മുമ്പേ തീരുമാനിച്ചിരുന്നു. അതായത്, ആത്മകഥാ കുറിപ്പുകളായിരുന്നു എന്റെ ലക്ഷ്യം.

പുസ്തകത്തിന്റെ റഫ് എഴുതി പൂർത്തിയാക്കാൻ ഞാൻ എനിക്കു തന്നെ നിശ്ചയിച്ച സമയം ആറു മാസമായിരുന്നു. മിനുക്കു പണികൾക്കും മറ്റുമായി രണ്ടുമാസം വേറെ. അങ്ങിനെ, പുസ്തകത്തിന്റെ മാനുസ്ക്രിപ്റ്റ് എട്ടുമാസത്തിനുള്ളിൽ പൂർത്തിയാക്കാൻ പദ്ധതിയിട്ട് എഴുതാനിരുന്നു. രാവിലെ ഉപ്പുമാവും കട്ടൻചായയും കഴിച്ച് ചാരുകസേരയിലേക്കു മറിയും. പിന്നെ ഇരുപത് മിനിറ്റോളം കണ്ണടച്ച് സ്മരണകളിലേക്കു കൂപ്പുകുത്തും. പലപ്പോഴും കണ്ണുകൾ നിറഞ്ഞ് വന്നു മനസ്സ് ദുഃഖസാന്ദ്രമാകും. ഭൂതകാലത്തേക്കുള്ള കൂപ്പുകുത്തലാണല്ലോ ആത്മകഥ എഴുത്ത്. ജീവിതത്തിന്റെ സത്യസന്ധമായ അവലോകനമാണ് അവിടെ വേണ്ടത്. ഓരോ തട്ടും തരിയും വരെ പരിശോധിച്ച് എഴുതാനുള്ള അസംസ്കൃത വസ്തുക്കളുണ്ടോ എന്നു തിരയണം. മാനസികമായ സഞ്ചാരമാണിത്. ഏറ്റവും വേഗമാർന്നത്. ഞാനും അതുതന്നെ ചെയ്തു. ഫലം, കുട്ടിക്കാലം മുതൽ മനസ്സിൽ തറഞ്ഞു കയറിയ ഓരോ ചൂണ്ടക്കൊളുത്തും, ആത്മകഥ എഴുത്തിനിടയിൽ, വീണ്ടും സജീവമായി.

(തുടരും)


വയനാടൻ ചുരത്തിൽ ചങ്ങലക്കിട്ട ചരിത്രത്തെ
ഇളക്കി പ്രതിഷ്ഠിച്ച ആദ്യ ചരിത്രനോവൽ !

**കാടിന്റെ മൂപ്പൻ കരിന്തണ്ടൻ**

(കാട്ടന മൂപ്പെ കരിന്തണ്ടെ)

സുധീർ പറൂര്



മുഖവില: ₹ 250
പ്രി പബ്ലിക്കേഷൻ വില: ₹ 200
അവസാന തീയ്യതി: 30.09.2023
കോപ്പി ആവശ്യമുള്ളവർ 9447394322 എന്ന നമ്പറിൽ വാട്സ്ആപ് / ഗൂഗിൾ പേ ചെയ്യുക

5 പുസ്തകത്തിന്റെ പ്രിപബ്ലിക്കേഷൻ വില 1000 രൂപ ഒന്നിച്ചടച്ച് ബുക്ക് ചെയ്താൽ ഗ്രന്ഥകർത്താവ് സുധീർ പറൂര് രചിച്ച 350 രൂപ വിലയുള്ള **ദേവു മരം പൂത്ത മേട്** എന്ന അദ്ദേഹത്തിന്റെ ഏറ്റവും പുതിയ നോവലിന്റെ ഒരു കോപ്പി ഇതോടൊപ്പം സൗജന്യമായി നൽകുന്നു. ഒക്ടോബർ മാസത്തിൽ പുസ്തകം പോസ്റ്റേജ് സൗജന്യത്തോടെ വിതരണം ചെയ്യുന്നതാണ്.

9447394322 നമ്പറിൽ വില ഗൂഗിൾ പേ ചെയ്യുക (സ്ക്രീൻ ഷോട്ട് ഇതേ നമ്പറിൽ പോസ്റ്റ് ചെയ്യുക)

ഇന്ത്യ ബുക്സ്, വെള്ളരിയിൽ ഗാഡൻ, എം.എം. അലി റോഡ്, പാളയം,
കോഴിക്കോട്. 673002, ഫോൺ: 8075907056, (വാട്സ്ആപ്പ് : 9447394322)